**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6036** **09-11-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീമതി കെ.കെ.രമ,<br>ഡോ. മാത്യു കുഴൽനാടൻ** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വനം വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | സോഷ്യൽ ഫോറസ്ട്രി വിഭാഗം വനേതര പ്രദേശങ്ങളിലുള്ള വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതിനായി ഹരിതകേരളം പദ്ധതിയുടെ ഭാഗമായി എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോരസംരക്ഷണം, Institutional plantation, വിദ്യാവനം, നഗരവനം, ജൈവവൈവിദ്ധ്യങ്ങളുടെ കലവറയായ കാവുകളുടെയും കണ്ടൽക്കാടുകളുടെയും സംരക്ഷണം, സ്വകാര്യ ഭൂമികളിൽ തടി ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നല്കുന്ന പദ്ധതി, തുടങ്ങിയ വിവിധ പദ്ധതികൾ നിലവിലുണ്ട്. മേൽ പദ്ധതികൾ എല്ലാം തന്നെ ജൈവവൈവിധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക, മണ്ണ്, ജല സംരക്ഷണം ഉറപ്പാക്കുക, ഗാർഹിക-വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത ഉറപ്പാക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെയാണ് നടപ്പിലാക്കി വരുന്നത്. |
| (ബി) | വനേതര പ്രദേശങ്ങളിൽ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായി വനത്തിന് പുറത്തുള്ള കാടുകളുടെ സംരക്ഷണം ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഏറ്റെടുക്കുന്ന കാടുകൾ സംരക്ഷിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കുമോ; | (ബി) | 24.12.2016-ലെ ജി.ഒ.(ആർ.റ്റി) 485/16/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജൈവവൈവിധ്യങ്ങളുടെ കലവറയായ കണ്ടൽക്കാടുകളുടെയും കാവുകളുടെയും സംരക്ഷണത്തിന് ധനസഹായം നല്കിവരുന്നു. സ്വകാര്യ വ്യക്തികൾക്ക് സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000 രൂപ നിരക്കിൽ ധനസഹായം നല്കി വരുന്നു. കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നല്കുന്നതിലേയ്ക്കായി എല്ലാ വർഷവും അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പത്രക്കുറിപ്പ് |

| | | | |
|---|---|---|---|
| | | | നല്കുകയും അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി ഏറ്റവും അനുയോജ്യമായതും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ നിശ്ചിത എണ്ണം കാവുകളുടെ പേരുവിവരങ്ങൾ സംസ്ഥാനതല വിദഗ്ധ സമിതിയ്ക്ക് സമർപ്പിക്കുന്നു. ആയതിൽ നിന്നും തെരഞ്ഞെടുക്കുന്ന കാവുകൾ അടുത്ത 5 വർഷത്തെ പ്രവർത്തന വിവരങ്ങൾ അടങ്ങിയതും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരമുള്ളതുമായ സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കി സമർപ്പിക്കുകയും ആയത് അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പുമായി ചേർന്ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും അടുത്ത 5 വർഷത്തേയ്ക്ക് ടി കാവുകൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ ധനസഹായം നല്കിവരികയും ചെയ്യുന്നു. |
| (സി) | വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷലതാദികളുടെ സംരക്ഷണത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷലതാദികളുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ